കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല – പൊന്നാനി നഗരസഭയിൽ വാർഡ് നമ്പർ 20 റീസർവേ 200/11 ലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീമതി. തെക്കേതിൽ സീനത്ത് ഹംസയുടെ രജിസ്ട്രേഷൻ ഒരു വർഷത്തേയ്ക്ക് സസ്പെന്റ് ചെയ്തത് - ശിക്ഷയിൽ കുറവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.1847/2017/തസ്വഭവ തിരുവനന്തപുരം,തീയതി 03/06/2017.**

പരാമർശം:- 1) കോഴിക്കോട് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 23.6.2016 ലെ ഇ-4719/2014 നമ്പർ ഉത്തരവ്.
2) ശ്രീമതി. തെക്കേതിൽ സീനത്ത് ഹംസ 14.7.2016 ൽ സമർപ്പിച്ച അപ്പീൽ ഹർജി
3) ശ്രീമതി സീനത്ത് ഹംസ ഫയൽ ചെയ്ത W.P.(c) No.24477/2016 ലെ 27/7/2016 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം
4) 17.1.2017 ലെ സ.ഉ.(സാധാ) 130/17/തസ്വഭവ നമ്പർ ഉത്തരവ്.
5) ശ്രീമതി. സീനത്ത് ഹംസ 14.2.17 ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച ദയാഹർജി.
6) സർക്കാരിന്റെ 14/2/2017 ലെ 1214737/ആർബി3/2017/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി നഗരസഭയിലെ വാർഡ് 20 റീസർവേ നമ്പർ 200/11 ലെ കൊമേഴ്സ്യൽ നിർമ്മാണത്തിലെ പ്ലാനിൽ തന്നെ Building Rule violation ഉണ്ടെന്നുള്ള ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ റിപ്പോർട്ടിനെ തുടർന്ന് ലൈസൻസിക്കെതിരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 153 (7)(8) പ്രകാരം നടപടി സ്വീകരിക്കുവാൻ സർക്കാർ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, മേൽ അനധികൃത നിർമ്മാണത്തിന് ഉത്തരവാദിയായ ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീമതി തെക്കേതിൽ സീനത്ത് ഹംസയുടെ എഞ്ചിനീയർ എ രജിസ്ട്രേഷൻ 01.08.2016 മുതൽ ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്ത് പരാമർശം (1) പ്രകാരം കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ഉത്തരവായിരുന്നു.

2) ഇതിനെതിരെ ശ്രീമതി സീനത്ത് ഹംസ പരാമർശം (2) പ്രകാരം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 153(9) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചു. ഇതിനിടെ ടിയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ W.P.(c) No.24477/2016 ഫയൽ ചെയ്തു. ആയതിലെ പരാമർശം (3) ലെ വിധിന്യായത്തിൽ സർക്കാർ അപ്പീൽ തീർപ്പാക്കുന്നത് വരെ പരാമർശം ഒന്നിലെ കോഴിക്കോട് നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്തു. അപ്പീൽ പരിഗണിച്ച സർക്കാർ കോഴിക്കോട് നഗരകാര്യ റീജിയണൽ ഡയറക്ടറുടെ ഉത്തരവ് ശരിവച്ചുകൊണ്ടും അപ്പീൽ ഹർജി നിരസിച്ചുകൊണ്ടും പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിനെതിരെ ശ്രീമതി സീനത്ത് ഹംസ പരാമർശം (5) പ്രകാരം സർക്കാരിന് ദയാഹർജി സമർപ്പിച്ച തുടർന്ന് ഇനിയൊരു നിർദ്ദേശം വരുന്നതുവരെ ഇതിലുള്ള നടപടി നിർത്തിവെയ്ക്കുവാൻ പരാമർശം (6) പ്രകാരം സർക്കാർ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

4) സൂചന (5) ലെ ദയാഹർജി സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശ നിർമ്മാണം സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) 3 പ്രാവശ്യം ഇൻസ്പെക്ഷൻ നടത്തിയിരുന്നു. ആദ്യ റിപ്പോർട്ടിനെ ആസ്പദമാക്കി കെ.എം.ബി.ആർ. ചട്ടം 24(8) ന്റെ ലംഘനത്തിന് മാത്രമാണ് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ശ്രീമതി. സീനത്ത് ഹംസയ്ക്ക് നോട്ടീസ് നൽകിയത്. എന്നാൽ പിന്നീട് നടത്തിയ ഇൻസ്പെക്ഷനുകളുടെ റിപ്പോർട്ടിനെ ആസ്പദമാക്കി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ 25(1), 56(2), 24(8), 24(5), 56(7) എന്നീ ചട്ടങ്ങളുടെ ലംഘനം കൂടി കെട്ടിടത്തിന് കാണിച്ചാണ് പരാമർശം (1) പ്രകാരം ടിയാൾക്ക് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ശിക്ഷ നൽകിയത്. കെ.എം.ബി.ആർ. ചട്ടം 25(1), 56(2), 24(8), 24(5), 56(7) എന്നീ ചട്ടലംഘനങ്ങൾ കൂടി കണക്കിലെടുത്ത് ശിക്ഷ നൽകുന്നതിന് മുൻപ് കെ.എം.ബി.ആർ. ചട്ടം 153(8) പ്രകാരം കുറ്റാരോപിതയ്ക്ക് വിശദീകരണത്തിനുള്ള മതിയായ അവസരം നൽകിയിട്ടില്ല. എന്നാൽ ചട്ടം 24(8) ലംഘിച്ച് പ്ലാൻ സമർപ്പിച്ച എന്ന കുറ്റം യഥാവിധി നോട്ടീസ് മുഖേന അറിയിച്ചിട്ടുണ്ട്. ആയതിന് ടിയാൾ നൽകിയ വിശദീകരണം കെട്ടിടത്തിന്റെ ഒരു ഭാഗം മണ്ണിട്ട് മൂടിയാൽ അത് വഴി കെട്ടിടത്തിന് 10 മീറ്റർ മാത്രം ഉയരമാകുമെന്നും അപ്രകാരം ചട്ടം 24(8) പാലിക്കപ്പെട്ടുമെന്നുമാണ് ടിയാൾ തന്നെയാണ് ഈ കെട്ടിടത്തിന് 11.2 മീറ്റർ ഉയരമുണ്ടെന്ന് സർട്ടിഫൈ ചെയ്തത്. ഈ സാഹചര്യത്തിൽ ഈ വിശദീകരണം തൃപ്തികരമായിരുന്നുവെന്ന് സർക്കാർ കാണുന്നില്ല.

5) കെ.എം.ബി.ആർ. ചട്ടം 153 (4) പ്രകാരം പ്ലാനിലും, ഡ്രോയിംഗിലും സർട്ടിഫൈ ചെയ്യുന്ന ലൈസൻസി അതിന്റെ പിഴവില്ലായ്മ ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നിരുന്നാലും കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിക്കാത്ത കുറ്റത്തിന് ശ്രീമതി . സീനത്ത് ഹംസയ്ക്ക് ശിക്ഷ നൽകി എന്ന അവസ്ഥ പരിഗണിച്ചും, ചെയ്ത കുറ്റം ഗൗരവതരം അല്ലാത്തതായതിനാലും ഒരു വർഷത്തേയ്ക്ക് രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുക എന്ന് ടിയാൾക്ക് നൽകിയ ശിക്ഷ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തേയ്ക്ക് എന്നാക്കി കുറവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശിക്ഷ നടപ്പിലാക്കുവാനുള്ള നടപടി കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി. ഹേമപ്രഭ**

**ജോയിന്റ് സെക്രട്ടറി**

റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
ശ്രീമതി. സീനത്ത് ഹംസ, ബോംബെ ഹൗസ്, ചെമ്മലശ്ശേരി പി.ഒ.,
പുലാമന്തോൾ, മലപ്പുറം - 679 323 (By Registered Post)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ